216658

**D 12459** **(Pages : 2)** **Name..................................**

**Reg. No..................................**

# FIRST SEMESTER (CUCBCSS–UG) DEGREE EXAMINATION NOVEMBER 2021

Malayalam (B.A./B.Sc.)

MAL 1A 01—MALAYALA SAHITHYAM I

(2017–2018 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക.

1 കുരുക്ഷേത്ര യുദ്ധത്തിന്റെ കാലദൈർഘ്യം എത്ര ദിവസമായിരുന്നു ?

2 കുചേലന്റെ യഥാർത്ഥ പേരെന്ത് ?

3 ആരോമൽ ചേകവർക്ക് തുണ പോയ ചേകവൻ ആര് ?

4 ബദറുൽ മുനീർ ഹുസ്നുൽ ജമാൽ എന്ന കൃതിയുടെ മുഖ്യപ്രമേയമെന്ത് ?

5 സത്യത്തെ ബ്രഹ്മമായി കരുതുന്നത് ആരാണ് ?

6 സത്രാജിത്തിനു സ്യമന്തകമണി ഉപഹാരമായി നൽകിയതാര് ?

7 കയർ എന്ന ബൃഹത് നോവലിന്റെ കർത്താവ്.

8 അടൂർ ഗോപാലകൃഷ്ണൻ ചലച്ചിത്രമാക്കിയ ബഷീർ കൃതി.

9 പുഴ കടന്ന് മരങ്ങളുടെ ഇടയിലേക്ക് എന്ന ചെറുകഥാസമാഹാരം ആരുടേതാണ് ?

10 സമ്മർ ഇൻ കൽക്കട്ട എന്ന കവിതാസമാഹാരം രചിച്ചതാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക.

11 "എൻ മകൾ ദുശ്ശള കേഴുന്നതോർത്തിനി-

ക്കെൻമനം വെന്തുരുകുന്നു ശിവ ശിവ"

—ആരാണ് ദുശ്ശള ? അവർ കേഴുന്നതെന്തിന് ?

12 കുചേലൻ കൊണ്ടു വന്ന കാഴ്ച സ്വീകരിച്ചു കൊണ്ട് കൃഷ്ണൻ പറഞ്ഞതെന്ത് ?

13 ആരോമൽ ചേകവരുടെ അങ്കപ്പുറപ്പാടിൽ കണ്ട ദുശ്ശകുനങ്ങൾ എന്തൊക്കെ ?

14 "ഏതു ഭാഷക്കാരനും ഏതു ചൊവ്വാഗ്രഹവാസിക്കും ആശയം മനസ്സിലാകും അത്ര സർവ്വവിദിതമായ ഭാഷ"—സൂചിതമെന്ത് ?

15 "ഉണ്ടെന്നെഴുതിയാലും ഇല്ലെന്നെഴുതിയാലും അർത്ഥം ഒന്നല്ലല്ലോ"—സന്ദർഭമെഴുതുക.

(5 × 2 = 10 marks)

**Turn over**

216658

III. നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക.

16 "ഏതൊരു ലോകമിതെന്നതു ചിന്തിച്ചാ-
ലേതുമേ നിർണ്ണയിക്കാവതല്ലേ"
—ആരുടെ മനോഗതിയാണ് ? സന്ദർഭം വ്യക്തമാക്കുക.

17 "കല്ലു കൊണ്ടോ മനം താവകമാകില-
ക്കല്ലിനുമാർദ്രതയുണ്ടിതു കാണുമ്പോൾ"
—ഇത് ആര് ആരോടു പറയുന്നതാണ് ? ഏതു സന്ദർഭത്തിൽ ?

18 "തഞ്ചങ്ങൾ ജിന്നും മനുവർ കണ്ടാൽ
തൻ പോതം വിട്ടു മദപ്പെടുമേ"
—അർത്ഥം വ്യക്തമാക്കുക.

19 "ആശയായുള്ള പാശമതിങ്കേന്നു
വേർവിടാതെ കരേറുന്നു മേൽക്കുമേൽ"
—സന്ദർഭവും സാരസ്യവും വിശദമാക്കുക.

20 "വാവലുകൾ ആരുടെയും ആത്മാക്കല്ല, അന്ധവിശ്വാസം ഭ്രാന്തുപോലാക്കി മനുഷ്യരെ കൊല്ലാതിരിക്കുക"—ഈ പ്രസ്താവത്തിന്റെ ഉൾപ്പൊരുളെന്ത് ?

21 "ഞാൻ ഇതെല്ലാം വെറുക്കുന്നു-----ഞാൻ കഠിനമായി വെറുക്കുന്നു"—ആര് ? വെറുപ്പിനുള്ള കാരണമെന്ത് ?

22 തനതു വ്യക്തിത്വവും കരുത്തുമുള്ള കാരൂർ കഥാപാത്രമാണ് 'മരപ്പാവകളി'ലെ നളിനി—നിരൂപിക്കുക.

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക.

23 യുദ്ധാനന്തരം കുരുക്ഷേത്രം ദർശിക്കുന്ന ഗാന്ധാരിയുടെ പ്രതികരണത്തിലൂടെ എഴുത്തച്ഛൻ മുന്നോട്ടു വയ്ക്കുന്ന ജീവിതദർശനമെന്തെന്ന് വിവരിക്കുക.

24 അധ്വാനിക്കുന്ന മനുഷ്യരുടെ ആത്മരോദനമാണ് 'നേരം പോയ്, നേരം പോയ് ' എന്ന നാടൻപാട്ടിൽ മുഴങ്ങിക്കേൾക്കുന്നത്—സമർത്ഥിക്കുക.

25 പുരാണകഥയ്ക്ക് സമകാലികപ്രസക്തി നൽകി പുനരാവിഷ്കരിക്കാനുള്ള കുഞ്ചൻ നമ്പ്യാരുടെ കരവിരുത് ഒന്നു വേറെ തന്നെയാണ്—സ്യമന്തകം തുള്ളൽ ഇത് ശരിവയ്ക്കുന്നുണ്ടോ ? സോദാഹരണം വ്യക്തമാക്കുക.

26 'വെള്ളപ്പൊക്കത്തിൽ' എന്ന കഥ കീഴാളരുടെ ജീവിത ദൈന്യത്തെ വ്യംഗ്യഭംഗിയോടെ അവതരിപ്പിക്കുന്നു—ഈ അഭിപ്രായത്തിന്റെ സാംഗത്യം പരിശോധിക്കുക.

27 എഴുത്തുകാരിയുടെ തീവ്രമായ വൈകാരികാനുഭവങ്ങളും ജീവിതാഭിലാഷങ്ങളും ഉള്ളിലൊതുക്കി ജീവിക്കുന്ന കഥാപാത്രമാണ് 'ഓർമ്മയുടെ ഞരമ്പി'ലെ വൃദ്ധ-കഥാപാത്ര വിശകലനം നടത്തുക.

28 'ഭൂമിയുടെ അവകാശികൾ' എന്ന കഥ സ്വാർത്ഥലോലുപരായ മനുഷ്യർക്ക് ബഷീർ പറഞ്ഞു കൊടുക്കുന്ന ഗുണപാഠമാണ്—വിശദീകരിക്കുക.

(4 × 10 = 40 marks)

**D 52702** (Pages : 3) Name..............................

Reg. No..............................

Farook Arts & Science College, Kozhikode

# FIRST SEMESTER B.A./B.Sc. DEGREE EXAMINATION NOVEMBER 2018

(CUCBCSS—UG)

Common Course

MAL 1A 01—MALAYALA SAHITHYAM—I

(2017 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 'ഗാഥ' എന്ന വാക്കിൻെറ അർത്ഥമെന്ത് ?

2 ബദറുൽ മുനീർഹുസ്നുൽ ജമാൽ എന്ന മാപ്പിളപ്പാട്ടു കാവ്യത്തിൽ ആര് കഥ പറയുന്നതായാണ് ചിത്രീകരിച്ചിരിക്കുന്നത് ?

3 "കല്ലുകൊണ്ടോ മനം താവകമെങ്കില-

കല്ലിനുമാർദ്രതയുണ്ടിതു കാണുമ്പോൾ"

—ഏതു കാണുമ്പോൾ ?

4 മഹാഭാരതത്തിലെ അദ്ധ്യായങ്ങളെ വിഭജിച്ചിരിക്കുന്നത് ഏതു പേരിൽ ?

5 കൃഷ്ണഗാഥയിൽ ഏറ്റവുമധികം പ്രയോഗിച്ചിരിക്കുന്ന അലങ്കാരമേത് ?

6 കുട്ടനാടൻ കർഷകത്തൊഴിലാളികളുടെ ജീവിതം ആഖ്യാനം ചെയ്യുന്ന തകഴിയുടെ നോവൽ ഏത് ?

7 തുള്ളലിൻെറ ഏതു വിഭാഗത്തിൽപ്പെടുന്ന കൃതിയാണ് സ്യമന്തകം ?

8 കേന്ദ്രസാഹിത്യ അക്കാദമി അവാർഡിനർഹമായ കേശവദേവിൻെറ നോവലേത് ?

9 'പാട്ടുകെട്ടുക' എന്ന പ്രയോഗം ഏതുമായി ബന്ധപ്പെട്ടിരിക്കുന്നു ?

10 നഷ്ടപ്പെട്ട നീലാംബരി ആരുടെ രചനയാണ് ?

(10 × ½ = 5 marks)

Turn over

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 "ശിവൻ ഒന്നും പറഞ്ഞില്ല ; പക്ഷേ കരച്ചിൽ അവന്റെ നെഞ്ഞിൽ ഉയരുന്നുണ്ടായിരുന്നു" —ഏത് കഥയിലെ ഭാഗമാണിത് ? സന്ദർഭമെന്ത് ?

12 "സാമീറവാക്കും ദുനികൾ രാഗം
സംഗീത കല്ല്യാണി പാടും നാകം"

—ആരെക്കുറിച്ചാണ് കവി ഇങ്ങനെ പറയുന്നത് ?

13 "വേലികൾ തന്നെ വിളവു മുടിച്ചാൽ
കാലികളെന്തു നടന്നീടുന്നു"

—വിവക്ഷിതമെന്ത് ?

14 "കൊല്ലിക്കയത്രേ നിനക്കു രസമെടോ"—ആര്, ആരോടാണ് ഇങ്ങനെ പറയുന്നത് ?

15 കത്തുന്ന രഥചക്രം എന്തിന്റെ പ്രതീകമാണ് ?

(5 × 2 = 10 marks)

III. നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 ഭൂമിയുടെ അവകാശികൾ എന്ന കഥയിലെ നായകന്റെ സ്വഭാവം നിരൂപണം ചെയ്യുക.

17 "ജീവിക്കുവാൻവേണ്ടി അമ്മ പാൽ വിറ്റു. പക്ഷേ അമ്മ ഒരിക്കലും പശുക്കളെകൊണ്ട് കച്ചവടം ചെയ്തിട്ടില്ല"—ആശയം വ്യക്തമാക്കുക.

18 സ്യമന്തക കഥ വിവരിക്കുക.

19 യുദ്ധഭൂമിയിലെത്തിയ ഗാന്ധാരിയുടെ വികാര വിചാരങ്ങൾ സംക്ഷേപിക്കുക.

20 ജീവിത ദുരിതങ്ങളോട് സമരോത്സുകയായി നിൽക്കുന്നവളാണ് മരപ്പാവകളിലെ നായിക —വിലയിരുത്തുക.

21 തുള്ളൽപ്രസ്ഥാനത്തെപ്പറ്റി കുറിപ്പെഴുതുക.

22 'ദയ എന്ന വികാരം'—കഥയ്ക്ക് ആസ്വാദനം തയ്യാറാക്കുക.

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

23 നിത്യജീവിത പരിസരങ്ങളിൽനിന്നും ഉരുത്തിരിഞ്ഞവയാണ് നാടൻപാട്ടുകൾ—വിശദീകരിക്കുക.

24 നൻമ വറ്റിക്കൊണ്ടിരിക്കുന്ന ലോകത്ത് നൻമയും ആർദ്രതയും സഹജീവിസ്നേഹവും കൈമോശം വന്നിട്ടില്ലാത്തവനാണ് കത്തുന്ന രഥചക്രത്തിലെ നായകൻ. ശരിയോ ? പരിശോധിക്കുക.

25 മാപ്പിളപ്പാട്ടിൻെറ രചനാസവിശേഷതകൾ പാഠഭാഗത്തെ അടിസ്ഥാനമാക്കി വിവരിക്കുക.

26 പുരാണ കഥാസന്ദർഭങ്ങളെ മലയാളിക്ക് ചിരപരിചിതമായ അന്തരീക്ഷത്തിൽ അവതരിപ്പിക്കാൻ നമ്പ്യാരോളം മിടുക്ക് മറ്റാർക്കുമില്ല. സ്യമന്തകം തുള്ളലിനെ അടിസ്ഥാനമാക്കി പരിശോധിക്കുക.

27 സ്നേഹമെന്ന വികാരത്തിനു മുന്നിൽ മനുഷ്യനും മൃഗവും തമ്മിൽ ഭേദമില്ല എന്നു തെളിയിക്കുന്ന കഥയാണ് വെള്ളപ്പൊക്കത്തിൽ—വിലയിരുത്തുക.

28 പുരുഷകേന്ദ്രിതമായ കുടുംബ വ്യവസ്ഥയിൽ സ്ത്രീയും അവളുടെ സർഗ്ഗാത്മകതയും അവഗണിക്കപ്പെടുന്നു എന്ന യാഥാർത്ഥ്യം ഓർമ്മയുടെ ഞരമ്പ് എന്ന കഥയിൽ ചിത്രീകരിക്കുന്നതെങ്ങനെ ?

(4 × 10 = 40 marks)

**C 33269** (Pages : 2) Name.................................

Reg. No..............................

# FIRST SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2017

(CUCBCSS–UG)

Common Course—Malayalam

MAL 1A 01—മലയാള സാഹിത്യം—I

(2014–2016 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 ഭാഗവതം ദശമസ്കന്ദത്തെ ആസ്പദമാക്കി ചെറുശ്ശേരി രചിച്ച കാവ്യത്തിൻെറ പേരെന്ത് ?

2 ഘടോൽക്കചനെ വധിക്കാൻ കർണൻ ഉപയോഗിച്ച ആയുധമേത് ?

3 കുഞ്ചൻനമ്പ്യാരുടെ ജന്മസ്ഥലം എവിടെയാണ് ?

4 ആരോമൽ ചേകവരുടെ സഹോദരിയുടെ പേരെന്ത് ?

5 പ്രണയം വിഷയമാക്കി എഴുതിയ ആദ്യത്തെ മാപ്പിളപ്പാട്ട് ഏതാണ് ?

6 ഏതു സാഹിത്യശാഖയിൽപ്പെടുന്ന കൃതിയാണ് 'കയർ' ?

7 വി.ആർ. സുധീഷിൻെറ ഏതു ചെറുകഥാസമാഹാരത്തിനാണ് 2014-ലെ കേരള സാഹിത്യ അക്കാദമി അവാർഡ് ലഭിച്ചത് ?

8 ബഷീറിൻെറ വീടിനും പറമ്പിനും കാവൽ നിൽക്കുന്ന നായയുടെ പേരെന്ത് ?

9 'മലബാർ എക്സ്പ്രസ്സ് ' എന്ന കഥാസമാഹാരം എഴുതിയതാര് ?

10 തെയ്യുണ്ണിയുടെ ജ്യേഷ്ഠൻെറ കാര്യസ്ഥൻെറ പേരെന്താണ് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 വറ്റാതൊരമ്പുകൊണ്ടാരണന്നെന്നെ നീ

മുറ്റമടിക്കുമാറാക്കൊല്ലാതെ

—ഈ പരിഭവ സ്വരത്തിൻെറ പൊരുളെന്ത് ?

12 "കുങ്കുമത്തിൻെറ വാസമറിയാതെ കുങ്കുമം ചുമക്കുംപോലെ ഗർദ്ദഭം"—സൂചിതമെന്ത് ?

13 ആരോമൽച്ചേകവരെ അച്ഛൻ യാത്രയാക്കിയതെങ്ങനെ ?

Turn over

14 ഉന്നതമായ ഉദ്യോഗം ഉപേക്ഷിച്ചതിന് തെയ്യുണ്ണിയുടെ ജ്യേഷ്ഠൻെറ ന്യായീകരണമെന്തായിരുന്നു ?

15 മൊയ്തീനെളാപ്പ ഗൾഫിൽ നിന്നു കൊണ്ടുവന്ന സാധനങ്ങളുടെ പ്രത്യേകതയെന്തായിരുന്നു ?

(5 × 2 = 10 marks)

III. നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 "സ്വർഗമായ് മേവുന്ന ലോകമെന്തിങ്ങനെ

നിർഗമിച്ചിന്നിതിലായിതോ ഞാൻ"

—വക്താവിൻെറ മനോഭാവം വിശദമാക്കുക.

17 "പൊട്ടുന്നിതെൻ മനം കണ്ടിതെല്ലാമഹോ"—സന്ദർഭമെഴുതി വിവക്ഷിതം വ്യക്തമാക്കുക.

18 മനുഷ്യൻെറ ആശയെയും അത്യാഗ്രഹത്തെയും കുറിച്ച് പൂന്താനത്തിനുള്ള കാഴ്ചപ്പാടെന്ത് ?

19 ചൂഷണത്തിനു വിധേയനാകുന്ന കീഴാളൻെറ അനുഭവ തീവ്രത "നേരംപോയ് നേരം പോയ് " എന്ന നാടൻ പാട്ടിൽ പ്രതിഫലിക്കുന്നതെങ്ങനെ ?

20 "എവിടെനിന്ന് നോക്കുന്നു എന്നതിനെ ആശ്രയിച്ചിരിക്കും ഭംഗിയും വൈരൂപ്യവുമൊക്കെ" —വക്താവാര് ? വിവക്ഷയെന്ത് ?

21 'വെള്ളപ്പൊക്കത്തിലെ നായ' യജമാനസ്നേഹം പ്രകടമാക്കിയ സന്ദർഭം ചൂണ്ടിക്കാണിക്കുക.

22 'അവൾ ഒരു കുട്ടിയായിരുന്നപ്പോൾ' എന്ന കഥയുടെ കാലിക പ്രസക്തി വ്യക്തമാക്കുക.

(5 × 5 = 25 marks)

III. മുന്നൂറു വാക്കിൽ കവിയാതെ **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക :

23 മഹാഭാരതേതിഹാസത്തിൻെറ ജീവിതസന്ദേശം എഴുത്തച്ഛൻ 'ഗാന്ധാരീ വിലാപ'ത്തിൽ കാച്ചിക്കുറുക്കി അവതരിപ്പിച്ചിരിക്കുകയാണ്—ഉപപാദിക്കുക.

24 'സ്യമന്തകം' തുള്ളലിൻെറ കാലിക പ്രസക്തിയും കാവ്യസൗന്ദര്യവും പഠനവിധേയമാക്കുക.

25 മാപ്പിളപ്പാട്ടിൻെറ രൂപപരവും ഭാവപരവുമായ സവിശേഷതകൾ 'ബദറുൽ മുനീർ ഹുസ്നുൽ ജമാലി'നെ ആസ്പദമാക്കി വിലയിരുത്തുക.

26 മനുഷ്യരോളം പ്രാധാന്യം ഈ ഭൂമിയിലെ എല്ലാ ജീവജാലങ്ങൾക്കുമുണ്ട്—'ഭൂമിയുടെ അവകാശികൾ' 'വെള്ളപ്പൊക്കത്തിൽ' എന്നീ കഥകളെ മുൻനിർത്തി ഈ കാഴ്ചപ്പാട് വിശകലനം ചെയ്യുക.

27 സ്ത്രീ മനസ്സിൻെറ നിഗൂഢതലങ്ങളെ അതിവൈകാരികതയില്ലാതെ 'മരപ്പാവകളി'ൽ കാരൂർ അവതരിപ്പിക്കുന്നുണ്ട്—നിരൂപിക്കുക.

28 'രണ്ട് എളേപ്പമാർ' എന്ന കഥയുടെ പ്രമേയവും പ്രതിപാദ്യരീതിയും വിശകലനം ചെയ്യുക.

(4 × 10 = 40 marks)

C 33270 (Pages : 3) Name.....................................

Reg. No.................................

# FIRST SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2017

(CUCBCSS–UG)

Common Course—Malayalam

MAL 1A 01—**മലയാള സാഹിത്യം**—I

(2017 Admissions)

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 കെ.ആർ. മീരയ്ക്ക് കേന്ദ്രസാഹിത്യ അക്കാദമി അവാർഡ് നേടിക്കൊടുത്ത കൃതി ഏത് ?

2 ഏത് വൃത്തമാണ് തുള്ളൽ വൃത്തം എന്നറിയപ്പെടുന്നത് ?

3 മാപ്പിളപ്പാട്ടുകളിലെ ഈണത്തിന്റെ താളക്രമം ഏതു പേരിൽ അറിയപ്പെടുന്നു ?

4 ഏതു രാജാവിന്റെ ആജ്ഞ പ്രകാരമാണ് ചെറുശ്ശേരി കൃഷ്ണഗാഥ രചിച്ചത് ?

5 ബേപ്പൂർ സുൽത്താൻ എന്നറിയപ്പെടുന്നതാര് ?

6 കിളിപ്പാട്ടു പ്രസ്ഥാനത്തിന്റെ ഉപജ്ഞാതാവാര് ?

7 ആരോമൽ ചേകവരുടെ സഹോദരിയായ വീരനായിക ആര് ?

8 സ്യമന്തകരത്നം സത്രാജിത്തിന് സമ്മാനിച്ചതാര് ?

9 എല്ലാമുണ്ടായിട്ടും ഒന്നുമില്ലാത്തവനെപ്പോലെ നീറി പുകയേണ്ടി വരുന്ന ശിവപ്രസാദാണ് ഈ കഥയിലെ നായകൻ. കഥ ഏത് ?

10 മേൽപ്പത്തൂരിന്റെ സമകാലികനെന്നു കരുതപ്പെടുന്ന ഭക്തകവി ആര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 "നേരം പോയനേരത്തും

കൊല്ലാക്കൊല കൊല്ലണയോ"

—ഈ പരിദേവനം ആരുടേത് ? കാരണമെന്ത് ?

12 "കൃഷ്ണനവറ്റിൽ തൃഷ്ണയുമുണ്ടായ്

സത്രാജിത്ത് കൊടുത്തതുമില്ല"

—കൃഷ്ണന് ആഗ്രഹം തോന്നിയത് എന്തിനോട് ?

Turn over

13 "കടഞ്ഞെടുത്തതായിരിക്കും പാലാഴി കടഞ്ഞെടുത്ത ലക്ഷ്മിയെപ്പോലെയിരിക്കുന്നു" എന്തിനെ കുറിച്ചാണീ പരാമർശം ? ആരാണിങ്ങനെ പറയുന്നത് ?

14 "വറ്റാതൊരൻപു കൊണ്ടാരണന്നെന്നെനീ
മുറ്റമടിക്കുമാറാക്കൊല്ലാതെ"

—രുഗ്മിണി ഇങ്ങനെ പറയാൻ കാരണമെന്ത് ?

15 "അങ്ങനെ തന്നെ വരേണമെന്നുള്ളതുണ്ടിങ്ങെനിക്കു മനക്കാമ്പിൽ സുബലജേ"—കൃഷ്ണന്റെ ഈ വാക്കുകളുടെ പൊരുളെന്ത് ?

(5 × 2 = 10 marks)

III. നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 വളർത്തു നായയുടെ ആത്മാർത്ഥസ്നേഹം 'വെള്ളപ്പൊക്കത്തിൽ' എന്ന കഥയിൽ ആഖ്യാനം ചെയ്യുന്നതെങ്ങനെ ?

17 "പട്ടുകിടക്കമേലേ കിടക്കുന്ന നീ
പട്ടു കിടക്കുമാറായിതോ ചോരയിൽ"

—ആശയം വ്യക്തമാക്കുക.

18 കാലമെത്ര പുരോഗമിച്ചാലും സ്ത്രീയുടെ അവസ്ഥയ്ക്ക് മാറ്റമില്ല എന്ന് ഓർമ്മയുടെ ഞരമ്പ് എന്ന കഥ ഓർമ്മിപ്പിക്കുന്നു. ശരിയോ ? സമർത്ഥിക്കുക.

19 കുചേലന്റെയും കൃഷ്ണന്റെയും കൂടിക്കാഴ്ച വിവരിക്കുക.

20 "ലോകത്തോടന്ത്യയാത്ര പറയുംപോലെ മുറുമുറുത്തുകൊണ്ട് അത് പുരപ്പുറത്തു കയറി ഇനിയൊരിക്കലും മനുഷ്യനെ സ്നേഹിക്കുകയില്ല എന്ന് അത് പറയുകയാവാം"—ആരെക്കുറിച്ചാണീ പരാമർശം ? സന്ദർഭം വിവരിക്കുക.

21 "വൃദ്ധനായ് നിന്നുള്ളൊരധ്വഗനായങ്ങു
നിർധനനായുള്ളൊരെന്നെയിപ്പോൾ
ചാരത്തു വന്നിവർ വന്ദിച്ചു നിന്നതിൻ
കാരണമെന്തെന്നു കണ്ടതില്ലേ"

—പൊരുളെന്ത് ?

22 ഹുസ്നുൽ ജമാൽ എന്ന രാജകുമാരിയെ കവി വർണ്ണിക്കുന്നതെങ്ങനെ ?

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ **നാലു** ചോദ്യത്തിന് ഉത്തരമെഴുതുക :

23 ഗാന്ധാരിയുടെ കുരുക്ഷേത്ര സന്ദർശനത്തെ സ്വന്തം വാക്കുകളിൽ വിവരിക്കുക.

24 വടക്കൻപാട്ടുകളിലെ വീരകഥാഖ്യാനത്തിന് ഉത്തമനിദർശനമാണ് ആരോമൽ ചേകവരുടെ അങ്കപ്പുറപ്പാട്—ചർച്ച ചെയ്യുക.

25 മനുഷ്യന്റെ സ്വാർത്ഥ മോഹങ്ങളെയും ജീവിതാസക്തിയെയും തത്വചിന്താ ശകലങ്ങളിലൂടെ വിമർശിക്കുകയാണ് ജ്ഞാനപ്പാനയിൽ—പരിശോധിക്കുക.

26 കാരൂരിന്റെ ആഖ്യാന സവിശേഷതകൾ മരപ്പാവകൾ എന്ന കഥയെ അടിസ്ഥാനമാക്കി വിവരിക്കുക.

27 ക്ലാസിക്ക് കവികളുടെ സാങ്കേതിക പരിജ്ഞാനവും, റൊമാന്റിക് കവികളുടെ നിരങ്കുശത്വവും ഒന്നിച്ച് ചെറുശ്ശേരിയുടെ കാവ്യഘടനയിലും ഭാഷാശൈലിയിലും കാണുന്നു—വിശദീകരിക്കുക.

28 പ്രകടിപ്പിക്കാത്തതും വേണ്ടപ്പോൾ ലഭിക്കാത്തതുമായ സ്നേഹംപോലെ നിഷ്പ്രയോജനകരമായും വിനാശകരമായും മറ്റൊന്നുമില്ല എന്ന് 'ദയ എന്ന വികാരം' ഓർമ്മിപ്പിക്കുന്നു—വ്യക്തമാക്കുക.

(4 × 10 = 40 marks)

**D 13776** **(Pages : 2)** **Name.................................**

**Reg. No...............................**

# FIRST SEMESTER B.A./B.Sc. DEGREE EXAMINATION, NOVEMBER 2016

(CUCBCSS—UG)

Common Course—Malayalam

## MAL 1A 01—മലയാള സാഹിത്യം-I

Time : Three Hours Maximum : 80 Marks

I. ഒറ്റ വാക്കിൽ ഉത്തരമെഴുതുക :

1 ചെറുശ്ശേരിയുടെ പുരസ്കർത്താവായ ഭരണാധികാരി ആര് ?

2 ഗുരുവായൂരപ്പൻെറ ഭക്തനായിരുന്ന മലയാള കവിയുടെ പേരെന്ത് ?

3 'സംക്രന്ദനാത്മജൻ' ആരാണ് ?

4 ആരോമൽ ചേകവരുടെ തറവാടിൻെറ പേരെന്ത് ?

5 കുഞ്ചൻനമ്പ്യാരുടെ ജീവിതകാലം ഏതു നൂറ്റാണ്ടാണ് ?

6 'ചെമ്മീൻ' എന്ന നോവൽ രചിച്ചതാര് ?

7 'ബേപ്പൂർ സുൽത്താൻ' എന്ന വിളിപ്പേര് ആരുടേതായിരുന്നു ?

8 2014-ൽ മികച്ച ചെറുകഥയ്ക്കുള്ള കേരള സാഹിത്യ അക്കാദമി അവാർഡ് നേടിയതാര് ?

9 'വളർത്തു മൃഗങ്ങൾ' ആരുടെ രചനയാണ് ?

10 'വെളുന്ന കുട്ടി' എന്ന കഥ എഴുതിയതാര് ?

(10 × ½ = 5 marks)

II. ഒന്നോ രണ്ടോ വാക്യത്തിൽ ഉത്തരമെഴുതുക :

11 'ഏനവിടെച്ചെന്നപ്പം' എന്തൊക്കെ ചെയ്യേണ്ടിവന്നു ?

12 യുദ്ധഭൂമിയിലെ ശകുനിയുടെ ജഡത്തെ ഗാന്ധാരി ദർശിച്ചതെങ്ങനെ ?

13 'കല്പാന്ത'ത്തിലെ രുക്മിണിക്ക് ഒന്നു വൃത്തിയായി ചിരിക്കാൻ തോന്നിയതെപ്പോൾ ?

14 "അത്ഭുതം തന്നെ, വാവലുകൾ രക്ഷപ്പെട്ടു"—എങ്ങനെ ?

15 പെൺകുട്ടി പതിവായി ആരെയാണ് ഫോണിൽ വിളിച്ചിരുന്നത് ?

(5 × 2 = 10 marks)

**Turn over**

III. നൂറ്റമ്പതു വാക്കിൽ കവിയാതെ **അഞ്ചു** ചോദ്യത്തിന് ഉത്തരമെഴുതുക :

16 "കൊല്ലാതെ കൊള്ളാഞ്ഞതെന്തവൻ തന്നെ നീ
കൊല്ലിക്കയത്രേ നിനക്കു രസമെടോ"

—ഇത് ആര് ആരോടു പറയുന്നതാണ് ? സന്ദർഭം വ്യക്തമാക്കുക.

17 "നാലു പണത്തിനു മുതലുണ്ടെന്നാൽ
നാട്ടിലിരുപ്പാനെളുതല്ലേതും"

—സാരസ്യം വ്യക്തമാക്കുക.

18 അറബി മലയാളത്തിൻെറ സവിശേഷതകളെന്തൊക്കെ ?

19 ആരോമൽ ചേകവർ കണ്ട ദുശ്ശകുനങ്ങൾ എന്തൊക്കെയെന്ന് വിവരിക്കുക.

20 "ഉണ്ടെന്നെഴുതിയാലും ഇല്ലെന്നെഴുതിയാലും അർത്ഥം ഒന്നല്ലല്ലോ"—വിവക്ഷയെന്ത് ?

21 തെയ്യുണ്ണിയുടെ ഏട്ടൻ കഞ്ചിക്കോട്ടു തന്നെ സ്ഥിരതാമസമാക്കാൻ തീരുമാനിച്ചത് എന്തു കൊണ്ട് ?

22 "ഇനി ഒരിക്കലും മനുഷ്യനെ സ്നേഹിക്കുകയില്ല എന്ന് അതു പറയുകയാവാം"—സന്ദർഭവും ആശയവും വിശദമാക്കുക.

(5 × 5 = 25 marks)

IV. മുന്നൂറു വാക്കിൽ കവിയാതെ **നാല്** ചോദ്യത്തിന് ഉത്തരമെഴുതുക :

23 ഉദാത്തമായ സൗഹൃദത്തിൻെറ ഹൃദ്യമായ ആവിഷ്കാരമാണ് കുചേല സൽഗതിയിലൂടെ ചെറുശ്ശേരി നടത്തുന്നത്—സമർത്ഥിക്കുക.

24 ശക്തമായ സാമൂഹിക വിമർശനവും അകളങ്കമായ ഭക്തിയുംകൊണ്ടാണ് ജ്ഞാനപ്പാന ശ്രദ്ധേയമാകുന്നത്—ചർച്ച ചെയ്യുക.

25 വടക്കൻ പാട്ടുകളിൽ പ്രതിഫലിക്കുന്ന സാമൂഹിക സംസ്കാരത്തെക്കുറിച്ച് ഉപന്യാസം തയ്യാറാക്കുക.

26 പ്രകൃതിയും മനുഷ്യനും തമ്മിൽ ഉണ്ടായിരിക്കേണ്ട ആരോഗ്യപൂർണ്ണമായ ബന്ധത്തെക്കുറിച്ചുള്ള ഉൾക്കാഴ്ചയാണ് 'ഭൂമിയുടെ അവകാശികളിൽ' പ്രതിഫലിക്കുന്നത്—ചർച്ച ചെയ്യുക.

27 മനുഷ്യബന്ധങ്ങളിൽ വന്നുചേർന്ന ആർജവമില്ലായ്മയും ആഴക്കുറവും വ്യത്യസ്ത വിതാനങ്ങളിൽ ചർച്ച ചെയ്യുന്ന കഥകളാണ് 'കല്പാന്ത'വും 'കാറ്റ് പറഞ്ഞ കഥ'യും—സമർത്ഥിക്കുക.

28 ആധുനികാനന്തര മലയാള ചെറുകഥയുടെ പ്രതിനിധാനങ്ങൾ എന്ന നിലയിൽ 'രണ്ട് എളേപ്പമാർ', 'അവൾ ഒരു കുട്ടിയായിരുന്നപ്പോൾ' എന്നീ കഥകളെ പഠനവിധേയമാക്കുക.

(4 × 10 = 40 marks)